പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1038 **29-06-2026-ൽ മറുപടിയ്ക്ക്**

പാഠപുസ്തക വിതരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; അവ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ ;

മറുപടി:

- **പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയും (കെ.ബി.പി.എസ്), പേപ്പർ പർച്ചേസ് സ്റ്റേഷനറി വകുപ്പുമാണ് നടത്തി വരുന്നത്. 2026-27 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടി 2025 ഡിസംബർ മാസത്തിൽ തന്നെ തുടങ്ങുകയും 2026 ഫെബ്രുവരി മാസത്തിൽ വിതരണം ആരംഭിക്കുകയും സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുകയും ചെയ്യ. ഓരോ വർഷവും സ്റ്റേഷനറി വകുപ്പ് ടെൻഡർ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ കരാർ ലഭ്യമാകുന്ന കമ്പനി പേപ്പർ കെ.ബി.പി.എസ്-ൽ എത്തിക്കുകയും സ്കൂളുകളിൽ നിന്നും ലഭ്യമായ ഓൺലൈൻ ഇൻഡന്റ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്ന പ്രിന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ കെ.ബി.പി.എസ് പ്രിന്റ് ചെയ്യ സംസ്ഥാനത്തെ 14 ജില്ലകളിലെയും പാഠപുസ്തക ഹബ്ബുകളിൽ എത്തിക്കുകയും ചെയ്യുന്നു. ഹബ്ബുകളിൽ എത്തുന്ന പാഠപുസ്തകങ്ങൾ കെ.ബി.പി.എസ് കരാർ നൽകിയിട്ടുള്ള കുടുംബശ്രീ മുഖേന സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുകയും, സൊസൈറ്റികളിൽ നിന്ന് അതാത് സ്കൂളുകൾ വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.**

(ബി) ഈ അധ്യയന വർഷം പാഠപുസ്തകങ്ങളുടെ വിതരണം വൈകാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

മറുപടി: 2026-27 വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി, വിതരണം സംബന്ധിച്ച **ഹയർ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി 2025 ആഗസ്റ്റ് മാസം തന്നെ കൂടുകയും കമ്മിറ്റി തീരുമാനപ്രകാരം സ്റ്റേഷനറി വകുപ്പ് പേപ്പർ പർച്ചേസിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഡിസംബർ മാസത്തിൽ തന്നെ കെ.ബി.പി.എസ്-ൽ അച്ചടി തുടങ്ങുകയും ഫെബ്രുവരി മാസത്തിൽ വിതരണം ആരംഭിക്കുകയും ചെയ്യ. സ്കൂൾ തുറക്കുന്നതിന് മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിന് സംസ്ഥാന, ജില്ല, ഉപജില്ല തലങ്ങളിൽ വിതരണ നടപടികൾ ഊർജിതപ്പെടുത്തുകയും, കെ.ബി.പി.എസ്-ൽ നിന്ന്**

ഹബ്ബുകളിലേക്കുള്ള വിതരണവും, ഹബ്ബുകളിൽ നിന്ന് സ്കൂൾ സൊസൈറ്റികളിലേക്കുള്ള വിതരണവും സ്കൂൾ സൊസൈറ്റികളിൽ നിന്ന് കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അടുത്ത അധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം പൂർത്തിയാക്കുന്നതിന് മുൻകൂർ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ ?

മറുപടി: 2027-28 അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് **ഹയർ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യുടെ യോഗം ഉടനടി ചേർന്ന് അടുത്ത അധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**

സെക്ഷൻ ഓഫീസർ